(ബി) ഇത് തീരനിയന്ത്രണ നിയമത്തിനനുസരണമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇതുമായി ബന്ധപ്പെട്ട് സ്വകാര്യ റിസോർട്ടുകളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ ; വെളിപ്പെടുത്തുമോ ;

(ഡി) കൈമാറ്റം ചെയ്യുന്ന സ്ഥലത്തിന്റെ വില സംബന്ധിച്ച വകുപ്പുതല റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ജലവിഭവ വകുപ്പ് തീരുമാനിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

കനാലുകളുടെയും കായലുകളുടെയും ശുചീകരണത്തിന് നടപടികൾ

112 (8172) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരളത്തിലെ കനാലുകളെല്ലാം മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞ് വൈവിധ്യമാർന്ന പകർച്ചവ്യാധികളുടെ ഉറവിടങ്ങളായി മാറിക്കഴിഞ്ഞെന്നും വളരെ അടിയന്തരമായി ശുചീകരണ പ്രവർത്തനങ്ങൾ ആവശ്യമാണെന്നും ബോധ്യപ്പെട്ടിട്ടുണ്ടോ ; കനാലുകളുടെയും കായലുകളുടെയും ശുചീകരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) ചേർത്തലയിലെ മിൽസ് കനാലും കറിയമുട്ടം കായലും, പട്ടണത്തിന്റെ ഹൃദയഭാഗത്തു സ്ഥിതി ചെയ്യുന്ന എ. എസ്. കനാലും മാലിന്യ കലവറകളാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ; അവ ശുചീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ കനാലുകളിലെയും പുഴകളിലെയും ജലം വിവിധ മാലിന്യങ്ങൾകൊണ്ട് ഗുണനിലവാര ശോഷണം സംഭവിച്ചതാണെന്ന് സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ്, കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ എന്നീ സ്ഥാപനങ്ങൾ നടത്തിയ പഠനങ്ങൾ സ്ഥിരീകരിക്കുന്നു. കനാലുകളിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ നീക്കംചെയ്യുക, നീരൊഴുക്ക് നിലനിർത്താനാവശ്യമായ പ്രവൃത്തികൾ നടത്തുക, കൂടുതൽ മാലിന്യ

LIBRARY ARCHIVES Kerala Legislative Assembly

നിക്ഷേപത്തിനു സാധ്യതയുള്ള നഗര പ്രദേശങ്ങളിലെ കനാലിന്റെ വശങ്ങളിൽ കമ്പിവേലി സ്ഥാപിക്കുക എന്നീ പ്രവൃത്തികൾ സാമ്പത്തിക ലഭ്യത അനുസരിച്ച് ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഈ വിഷയത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബോധവത്കരണം നടത്തുന്നത് മാലിന്യ നിക്ഷേപം തടയുന്നതിന് സഹായകരമാകും. കൂടാതെ അത്യാവശ്യമായ ശുചീകരണ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്നുണ്ട്.

(ബി) ആലപ്പുഴ ടൗണിലെ 9 പ്രധാന കനാലുകളും 104 അനുബന്ധ കനാലുകളും പായലും ചെളിയും നീക്കി ശുചീകരിക്കുന്നതിന് സമഗ്ര ആരോഗ്യ പാക്കേജിൽ ഉൾപ്പെടുത്തി 352 ലക്ഷം രൂപയുടെ പദ്ധതി നടന്നുവരുന്നു. എ.എസ് കനാലിന്റെ ആലപ്പുഴ ടൗണിലെ 2.50 കി.മീ. നീളം ശുചീകരിക്കുന്ന പ്രവൃത്തി മുകളിൽ പ്രതിപാദിച്ച സമഗ്ര ആരോഗ്യ പാക്കേജ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ചേർത്തലയിലെ മിൽസ് കനാൽ, കറിയമുട്ടം കായൽ, എ.എസ്. കനാൽ ഇവ മാലിന്യ മുക്തമാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ചേർത്തലയിലെ ടി.ബി.കനാലിന്റെ ചെളിയും, പായലും നീക്കുന്ന പ്രവൃത്തി ഉൾപ്പെട്ട നവീകരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്.

ഭൂഗർഭ സംരക്ഷണം

113 (8173) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

കേരളത്തിൽ ശക്തമായ ജലനയം ഇല്ലാത്തതുമൂലമാണ് ഭൂഗർഭ ജലം അമിതമായി ചൂഷണം ചെയ്യുന്നതിനും അതുമൂലം ഭൂഗർഭ ജലനിരപ്പ് താഴുന്നതിനും ഇടയാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നിലവിലുണ്ട്.

കൂടാതെ ഭൂഗർഭജലം അധികമായി ചൂഷണം ചെയ്യുന്നതായി പരാതികൾ ലഭിക്കുന്ന മുറയ്ക്ക് വിശദമായ പഠനം നടത്തി വേണ്ട നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly